പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2099 26-10-2026-ൽ മറുപടിയ്ക്ക്

കാളംതുരുത്തിയിൽ തോട് പൂർവ്വസ്ഥിതിയിലാക്കാൻ നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	മറുപടി നൽകിയ മന്ത്രി
ശ്രീ. പി .എം. എ. സമീർ	ശ്രീ. കെ. എം. ഷാജി (തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

(എ) തിരുരങ്ങാടി നിയോജകമണ്ഡലത്തിലെ നന്നമ്പ്ര പഞ്ചായത്തിൽപ്പെട്ട കാളംതുരുത്തിയിൽ പൊതുതോട് മണ്ണിട്ട് നികത്തിയത് പൂർവ്വസ്ഥിതിയിലാക്കുന്നതിനായി സമർപ്പിച്ച നിവേദനത്തിന്മേലുള്ള ആർ.ഇ.-3/66/2026/എൽ.എസ്.ജി.ഡി. നമ്പർ ഫയലിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

മറുപടി: നന്നമ്പ്ര ഗ്രാമപഞ്ചായത്ത് നന്നമ്പ്ര വില്ലേജിൽ കൊടിഞ്ഞി അംശം റി.സ. 17/6-ൽപ്പെട്ട കാളം തിരുത്തി പ്രദേശത്തെ തോട്ടുമ്പുറം തോടിന്റെ കൈത്തോട് പ്രദേശവാസികൾ മണ്ണിട്ട് നികത്തിയതുമായി ബന്ധപ്പെട്ട് ലഭിച്ച പരാതിയിൽ നടപടി സ്വീകരിക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ പരിശോധന നടത്തുകയും, കുറ്റം വെളിവായിട്ടുള്ളതിനാൽ നടപടിക്കായി തിരുരങ്ങാടി സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് കത്ത് നൽകിയിരുതുമാണ്. തുടർന്ന്, കൈത്തോട് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിനും അനധികൃതമായി നിക്ഷേപിച്ച മണ്ണ് നീക്കം ചെയ്യുന്നതിനുമായി അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തി പഞ്ചായത്ത് തീരുമാനമെടുത്തതിനെ തുടർന്ന് കൈത്തോട് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുകയും 260.382 ക്യുബിക് മീറ്റർ മണ്ണ് നീക്കം ചെയ്യുന്നതിന് ₹88,000/-(എൺപത്തി എണ്ണായിരം രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുകയും ട്രാൻസിറ്റ് പാസ്സിനായി ജിയോളജി വകുപ്പിൽ 20831/-(ഇരുപതിനായിരത്തി എണ്ണൂറ്റി മുപ്പത്തി ഒന്ന് രൂപ മാത്രം) രൂപ അടവാക്കുകയും ചെയ്തിരുന്നു. എന്നാൽ, പ്രസ്തുത മണ്ണ് നീക്കം ചെയ്യുന്നതിനെതിരെ പരപ്പനങ്ങാടി മുൻസിഫ് കോടതിയിൽ OS No.171/2023 പ്രകാരം കേസ് ഫയൽ ചെയ്യുകയും 08.06.2023-ലെ ഇൻജങ്ഷൻ ഉത്തരവിനെത്തുടർന്ന് പ്രസ്തുത പ്രവൃത്തി തടസ്സപ്പെടുകയും ചെയ്തു. ഇതുമായി ബന്ധപ്പെട്ട് WP(C) No.32134/2025-ഉം ഹൈക്കോടതിയിൽ നിലവിലുണ്ട്. പ്രസ്തുത കേസുകൾ തീർപ്പാകുന്ന മുറയ്ക്ക് കോടതി ഉത്തരവുകൾക്കനുസൃതമായി കൈത്തോട് പുനഃസ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ബി) ആർ.ഇ.-3/66/2026/എൽ.എസ്.ജി.ഡി. നമ്പർ കത്ത് പ്രകാരം അടിയന്തര റിപ്പോർട്ട് ലഭ്യമാക്കാൻ എൽ.എസ്.ജി.ഡി. പ്രിൻസിപ്പൽ സെക്രട്ടറി, പ്രിൻസിപ്പൽ ഡയറക്ടറോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ